# Kids corner

## അഞ്ചലോട്ടക്കാരൻ



ഈശ്വരന്റെ കൃപാകടാക്ഷത്താൽ അനുഗ്രഹീതമായ ഒരു ഗ്രാമമാണ് മുത്താരംകുന്ന്. തന്നെ നോക്കി വിളിക്കുന്നവർക്ക് ദൈവം ഒരു നന്മയ്ക്കും കുറവു വരുത്തുകയില്ല എന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഈ ഗ്രാമം. ശാന്തസുന്ദരമായ ഈ ഗ്രാമത്തിൽ പോസ്റ്റുമാനായി ജോലി ചെയ്യുന്ന ആളാണ് പാപ്പി. വളരെ വേഗത്തിൽ തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം നടത്തുന്ന അദ്ദേഹം "എക്സ്പ്രസ് പാപ്പി" എന്ന അപരനാമധേയത്തിലറിയപ്പെട്ടിരുന്നു. ഓരോ ഭവനത്തിലേക്കുമുള്ള എഴുത്തുമായി ചെല്ലുമ്പോൾ ദുഃഖിക്കുന്നവർക്കാശ്വാസവും രോഗികൾക്ക് പ്രാർത്ഥനയും സഹായവും നൽകുന്നവനാണ് പാപ്പി. അതിനാൽ ഗ്രാമവാസികൾ അദ്ദേഹത്തെ വളരെ അധികം സ്നേഹിച്ചിരുന്നു. എക്സ്പ്രസ് പോയോ? ഒരു ദിവസം അദ്ദേഹത്തെ കാണുവാൻ സാധിക്കാത്തവർ മറ്റുള്ളവരോട് തിരക്കും.

എന്നാൽ അദ്ദേഹത്തിന്റെ ഏകമകനായ ബാബുവിന്, ഇപ്രകാരം വിയർത്തൊലിച്ച് വേഗത്തിൽ നടക്കുന്ന അപ്പനോട് വലിയ ബഹുമാനമൊന്നും തോന്നിയില്ല.സഹപാഠികൾ പരിഹസിക്കുമെന്ന ഭയപ്പാടോടെ പകൽസമയം അപ്പനെ കണ്ടാൽ ഒഴിഞ്ഞു മാറും. കാലം പുരോഗമിച്ചിട്ടും ഒരു സൈക്കിൾ പോലും വാങ്ങാത്തതിൽ പലപ്പോഴും അവൻ വഴക്കും ഉണ്ടാക്കും. കത്തുകൾ

നൽകുമ്പോൾ അദ്ദേഹം മറ്റുള്ളവരോട് ചോദിക്കുന്ന സ്ഥിരം ചോദ്യങ്ങളും അവൻ വെറുത്തു. “മക്കളേ ! ലേഖനങ്ങളും സുവിശേഷങ്ങളും വായിച്ച് ധ്യാനിക്കാറുണ്ടോ? ‘ഉവ്വ്’എന്ന മറുപടിക്ക് , ദൈവത്തെ സ്തുതിക്കും. ‘ഇല്ല’ എന്നാണെങ്കിൽ ഉപദേശിക്കും.കാരണം നമ്മുടെ ശരീരത്തിനും, മനസ്സിനും, ആത്മാവിനും ശക്തി നൽകുന്ന ജീവസ്രോതസ്സാണ് അതിലുള്ളത്. അതിനാൽ വായിക്കുക.

എക്സ്പ്രസ് പാപ്പിയെ വളരെ ശ്രദ്ധയോടെ വീക്ഷിച്ചിരുന്ന ഒരു യുവാവ് ആ ഗ്രാമത്തിലുണ്ടായിരുന്നു.ഒരിക്കൽ ഗോപൻ എന്ന ഈ യുവാവ്, ബാല്യകാലം മുതൽ താൻ ശ്രദ്ധിച്ചിരുന്ന എക്സ്പ്രസിനോട് തന്റെ ജീവിത രഹസ്യം ആരാഞ്ഞറിഞ്ഞു. ‘ദൈവവചനം എനിക്ക് സന്തോഷം, സമാധാനം എല്ലാം തരുന്നു.ഈ വിശുദ്ധ വേദപുസ്തകം ദൈവത്തിന്റെ ഔഷധകുപ്പിയാണ്” ഇതുകേട്ട ഗോപൻ തനിക്കും ഒരു പുസ്തകം കിട്ടിയിരുന്നെങ്കിലെന്നാഗ്രഹിച്ചു. തന്റെ തുച്ഛമായ വരുമാനത്തിൽ നിന്നും മനോഹരമായ ഒരു വേദപുസ്തകം വാങ്ങി പുതുവർഷ സമ്മാനമായി ഗോപന് നൽകുകയും ചെയ്തു എക്സ്പ്രസ്.

വചനം വായിക്കുകയും പഠിക്കുകയും ചെയ്ത അവന് അത് വലിയ അനുഗ്രഹങ്ങൾ പ്രദാനം ചെയ്തു. ജോലിക്കായി ശ്രമിച്ച ഗോപന് പോസ്റ്റൽ വകുപ്പിൽ തന്നെ ജോലി ലഭിച്ചു. അവനെ ഏറ്റവും അതിശയിപ്പിച്ചത് തന്റെ ഗ്രാമത്തിൽ തന്നെ ആദ്യനിയമനം ലഭിച്ചതാണ്. തന്റെ മാതൃകാപുരുഷനായ എക്സ്പ്രസ് പാപ്പിയെ സന്ദർശിക്കുകയും ജോലിയിൽ നിന്നു വിരമിച്ച അദ്ദേഹത്തിന്റെ ഉപദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. കൃത്യനിഷ്ഠയോടും ഭംഗിയോടും ജോലി ചെയ്ത ഗോപനേയും ഗ്രാമവാസികൾ ബഹുമാനിച്ചു.

പ്രീയ കുഞ്ഞുങ്ങളെ! നമ്മുടെ ജീവിതം കൊണ്ട് ഒരാളെ എങ്കിലും നല്ല വഴിയിൽ കൊണ്ടുവരുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ ഈ പുതുവർഷം അപ്രകാരം ഒരു തീരുമാനം എടുക്കുക. എന്തെല്ലാം ശ്രദ്ധിക്കണം എന്ന് പാപ്പിയുടെ ജീവിതത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

1. കൃത്യനിഷ്ഠയോടെ പ്രവർത്തിക്കുക.
2. മറ്റുള്ളവരെ സഹായിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുക.
3. ആർഭാട ജീവിതത്തിനു വേണ്ടി സാമ്പത്തിക ദുർവിനിയോഗം നടത്താതിരിക്കുക.
4. പ്രാർത്ഥനയെപ്പറ്റി മറ്റുള്ളവരോടും സംസാരിക്കുക.
5. ക്രിസ്തുവിങ്കലേക്ക് മറ്റുള്ളവരെ നേടുക

പുതുവർഷം ഇവ ജീവിതത്തിൽ പ്രാവർത്തികമാക്കുക.


**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind